Dr RADHAKRISHNAN ELAYIDATH
CARE LIST JOURNAL No. 5.

ISSN 2319-3263

കേരള സാഹിത്യ അക്കാദമി

# സാഹിത്യലോകം

വാള്യം 50 | ലക്കം 5 ● 2021 സെപ്റ്റംബർ-ഒക്ടോബർ



## അനുകല്പനം: കലയും സങ്കേതവും

### പാണ്ഡവപുരവും മതിലുകളും വെള്ളിത്തിരയിൽ വായിക്കുമ്പോൾ

1

# ഉള്ളടക്കം


**07** പാണ്ഡവപുരത്തിൽനിന്ന്
ആകൃതിയില്ലാ നിഴലുകളിലേക്ക്
പി.കെ. സുരേന്ദ്രൻ

**21** അനന്യരൂപീകരണത്തിന്റെ മതിലുകൾ:
ചരിത്രവും വർത്തമാനവും
ഡോ. അശോക് ഡിക്രൂസ്

**36** ചെറുതല്ലാത്ത മനുഷ്യരുടെ പാർപ്പിടങ്ങൾ
ഡോ. എം.എ. സിദ്ദീഖ്

**49** മലയാള ഭാവുകത്വത്തിലെ
സോവിയറ്റ് സ്വാധീനത്തിന്റെ തുടക്കം
പി.പി. അമൽ

**65** ദേശവും ദേശീയതയും
പി. കുഞ്ഞിരാമൻ നായരുടെ കവിതയിൽ
പത്മനാഭൻ എം.വി.

**78** വർഗ്ഗസഞ്ചാരപാതകൾ:
സംസ്കാരവിമർശത്തിന്റെ പിയറി ബോർദ്യൂ മാതൃക
ഡോ. രാധാകൃഷ്ണൻ ഇളയിടത്ത്

**89** ദുരന്തനാടകവിമർശകനായ
എം.കെ. സാനു
ഡോ. സോണിയാ ജോസ്

**98** സാഹിത്യനിരൂപണത്തിലെ വാസനാചാതുരി
ഡോ. എം. കൃഷ്ണൻ നമ്പൂതിരി

ഡോ. രാധാകൃഷ്ണൻ ഇളയിടത്ത്

# വർഗ്ഗസഞ്ചാരപാതകൾ: സംസ്കാരവിമർശത്തിന്റെ പിയറി ബോർദ്യു മാതൃക

ഒരു സവിശേഷ ധൈഷണികതെ സാമൂഹികധൈഷണികനാക്കിത്തീർക്കുന്ന സാഹചര്യങ്ങൾക്കുമേലാണ് ഗവേഷണം അനിവാര്യമാവുന്നതെന്ന കരുതിയ ചിന്തകനായിരുന്നു പിയറി ബോർദ്യു (1930-2002). ഫ്രഞ്ച് സാമൂഹ്യശാസ്ത്രജ്ഞനും നരവംശശാസ്ത്രജ്ഞനും തത്ത്വചിന്തകനുമായ അദ്ദേഹം സംസ്കാരസംഘർഷത്തെയും സാംസ്കാരികമൂലധനത്തെയും സംബന്ധിച്ച സമകാലിക ചർച്ചകളിൽ പ്രധാനിയാണ്. മാധ്യമം, സംസ്കാരപഠനം, വിദ്യാഭ്യാസം, ഭാഷ, സാഹിത്യം, കല എന്നിങ്ങനെ വിപുലമായ മേഖലകൾ അദ്ദേഹത്തിന്റെ ധൈഷണികതയോടു ചേർന്നു. ഹൈഡഗർ, വിറ്റ്ഗൻസ്റ്റൈൻ, ഹസേൾ, മാർക്സ്, മാക്സ് വെബർ, ദുർഖൈം, ലെവിസ്ട്രോസ് എന്നിവർ അദ്ദേഹത്തിലെ ചിന്താസ്വാധീനങ്ങളായി. ബോർദ്യുവിന്റെ പഠനങ്ങൾ നിയോ-ലിബറൽ മൂല്യങ്ങളുടെ വിമർശനങ്ങളായിരുന്നു. സമൂഹത്തിലെ അധികാരബലതന്ത്രങ്ങളായിരുന്നു ബോർദ്യു വിശകലനം ചെയ്തത്. സങ്കീർണ്ണമായ അധികാരം സാമൂഹികക്രമങ്ങളിലേക്ക് വിനിമയം ചെയ്യപ്പെടുന്നതും, കാലങ്ങളിലൂടെയും തലമുറകളിലൂടെയും ദേശങ്ങളിലൂടെയും നിലനിർത്തപ്പെടുന്നതും അദ്ദേഹം വിവരിച്ചു. ആശയവാദത്തിന്റെയും മാർക്സിസത്തിന്റെയും സാദ്ധ്യതകളും പരിമിതികളും പരിഗണിച്ചുകൊണ്ടുള്ള പുതിയ രീതിശാസ്ത്രം





അദ്ദേഹം പഠനങ്ങളിൽ വികസിപ്പിച്ചു. വസ്തുനിഷ്ഠവും വൈയക്തികവും അനുഭവപരവുമായ രീതിശാസ്ത്രങ്ങളിലൂടെ അദ്ദേഹത്തിന്റെ പഠനങ്ങൾ സഞ്ചരിച്ചു. ബാഹ്യസാമൂഹികഘടനയും വൈയക്തിക അനുഭവലോകവും ചേർത്തുവെച്ചുള്ള വിശകലനങ്ങളായിരുന്നു ബോർദ്യുവിന്റേത്. ആധുനികമായ സർവ്വേരീതികളെയും ഫീൽഡ്‌വിശകലനങ്ങളെയും അദ്ദേഹം പഠനങ്ങളിൽ സംയോജിപ്പിച്ചു. സാംസ്കാരികമൂലധനം, ഹാബിറ്റസ്, ഫീൽഡ്, ഡോക്സ, പ്രതീകാത്മകഹിംസ, പ്രതിഫലനാത്മകത, സാംസ്കാരികപുനരുത്പാദനം എന്നിവ ബോർദ്യുവിന്റെ ആശയലോകത്തിലെ പ്രധാന സങ്കല്പനങ്ങളാണ്.

**വൈശിഷ്ട്യം-അഭിരുചിയുടെ വിധിനിർണ്ണയത്തെക്കുറിച്ചുള്ള ഒരു സാമൂഹികവിമർശനം**

Distinction: A Social Critique of the Judgement of Taste (1979) 'വൈശിഷ്ട്യം-അഭിരുചിയുടെ വിധിനിർണ്ണയത്തെക്കുറിച്ചുള്ള ഒരു സാമൂഹികവിമർശനം' വർഗ്ഗങ്ങളും അഭിരുചികളും തമ്മിലുള്ള



പിയറി ബോർദ്യു

ബന്ധത്തെക്കുറിച്ചുള്ള അന്വേഷണമാണ്. സാംസ്കാരികമൂലധനം, ഹാബിറ്റസ്, ഫീൽഡ് എന്നിങ്ങനെയുള്ള സംവർഗ്ഗങ്ങളെ പരസ്പരം ബന്ധപ്പെടുത്തിക്കൊണ്ടാണ് അഭിരുചിയെക്കുറിച്ചുള്ള മുൻകാലപഠനങ്ങളിൽനിന്ന് ബോർദ്യൂ പുറത്തുകടക്കുന്നത്. സാർവ്വദേശീയവീക്ഷണങ്ങളിൽനിന്ന് ഭിന്നമായി ഫ്രഞ്ച് സമൂഹത്തിന്റെ വംശപരമായ സവിശേഷതകളെ അഭിമുഖീകരിക്കാൻ കഴിയുംവിധമുള്ള രീതിശാസ്ത്രം പഠനം രൂപപ്പെടുത്തുന്നു. വർഗ്ഗവ്യത്യാസങ്ങളും, വർഗ്ഗമനോഭാവങ്ങളും, അവയിലൂടെ രൂപപ്പെട്ടുവരുന്ന സാംസ്കാരികഘടനകളും അന്വേഷിക്കുന്നു. സാംസ്കാരിക ഉൽപന്നങ്ങളുടെ കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന സൂക്ഷ്മമായ വർഗ്ഗതാത്പര്യങ്ങളെ കൃതി വിവരിക്കുന്നു. സാംസ്കാരിക ഉൽപന്നങ്ങളുടെ വാങ്ങൽ, വാങ്ങലിന്റെ രീതി, ഉപയോഗം, ഏജൻസികൾ ഇവയിലെല്ലാം സാംസ്കാരികാഭിരുചികളും കഴിവുകളും എങ്ങനെ പ്രകടമാകുന്നു എന്ന് പരിശോധിക്കുന്നതിനായിരുന്നു സർവ്വേ. ഭക്ഷണം, വസ്ത്രം, വിദ്യാഭ്യാസം, വീട്ടുപകരണങ്ങൾ, സാഹിത്യം എന്നിങ്ങനെ അനുദിനജീവിതവുമായി ബന്ധപ്പെട്ട നിരവധി മേഖലകളെ സർവേയിൽ ഉൾപ്പെടുത്തിയിരുന്നു. അഭിരുചിപോലുള്ള വിഷയങ്ങളുടെ വിശദീകരണത്തിൽ സാമൂഹികശാസ്ത്രം സാമൂഹികമനോവിശ്ലേഷണമായിത്തീരേണ്ടതുണ്ട് എന്ന് ബോർദ്യൂ കരുതുന്നു. വസ്തുനിഷ്ഠവിശകലനങ്ങൾക്ക് സംസ്കാരമണ്ഡലത്തിലെ വിലോപരതയെ വിവരിക്കുക സാധ്യമല്ല.

സാമൂഹികശാസ്ത്രമടക്കം വിവിധ വിജ്ഞാനങ്ങളിൽ പരിചരിക്കപ്പെട്ടുപോന്ന ഒരു വിഷയത്തിന്റെ പുതുക്കൽ കൂടിയാണ് ഈ കൃതി സാധ്യമാക്കുന്നത്. സാമൂഹികശാസ്ത്രത്തിൽ ജിയോർജസ് സിമ്മൽ, തോർസ്റ്റൈൻ വെബ്ലൻ, എമിൽ ദുർഖൈം, മാക്സ് വെബർ തുടങ്ങിയവരും സൗന്ദര്യശാസ്ത്രത്തിൽ ഡേവിഡ് ഹ്യൂം, ആഡം സ്മിത്ത് തുടങ്ങിയവരും തത്വചിന്തയിൽ കാന്റും മുൻപുതന്നെ അഭിരുചികളെ അന്വേഷണവിഷയമാക്കിയിരുന്നു. 1963, 1967, 1968 വർഷങ്ങളിലായി നടത്തിയ വിപുലമായ സർവ്വേകളുടെയും അഭിമുഖങ്ങളുടെയും അവയുടെ വിശകലനത്തിന്റെയും അടിസ്ഥാനത്തിലാണ് കൃതിയുടെ രചന. 1963-ലെ സർവ്വേയിൽ 692 വിഷയങ്ങളായിരുന്നു ഉൾപ്പെട്ടിരുന്നത്. 67-68 ൽ അത് 1217 വിഷയങ്ങളായി വിപുലപ്പെടുത്തി. ഇതിനൊപ്പം മറ്റു ഉറവിടങ്ങളിൽനിന്നുള്ള വിവരങ്ങളെയും ഉപയോഗപ്പെടുത്തുന്നു. അഭിരുചികളെക്കുറിച്ചുള്ള വിധിനിർണ്ണയനം സാമൂഹികശ്രേണീകരണമാകുന്നു എന്ന് കൃതി വാദിക്കുന്നു. ഓരോ അഭിരുചിയും ശ്രേഷ്ഠവും നികൃഷ്ടവും എന്ന മട്ടിൽ നിലകൊള്ളുകയും മറ്റ് അഭിരുചികളെ അധികാരവൽക്കരിക്കുകയും ചെയ്യുന്നു. ഭരണ-ധൈഷണികവർഗ്ഗങ്ങൾ അവരുടെ സാമൂഹികനേട്ടങ്ങൾ തലമുറകളിലൂടെ സംരക്ഷിച്ചുപോരുന്നു. സാമൂഹികചലനാത്മകതയുടെയും ഇല്ലാതയുടെയും ഉദാരതയുടെയും കാലം എന്ന് വിലയിരുത്തപ്പെടുന്ന വ്യവസായാനന്തരസമൂഹത്തിലും ഇതിൽ മാറ്റമില്ല.

സർവ്വേ വിവരങ്ങളെ മുൻനിർത്തി പ്രാഥമികവും അടിസ്ഥാനപരവുമായ രണ്ടു കാര്യങ്ങളെ ബോർദ്യൂ സൂചിപ്പിക്കുന്നുണ്ട്. വ്യക്തിയുടെ സാമൂഹിക ഉറവിടവും (പിതാവിന്റെ വംശം, ജോലി മുതലായവ), വിദ്യാഭ്യാസമൂലധനവും അഭിരുചിയുടെ മണ്ഡലത്തെ നിർണ്ണയിക്കുന്നു എന്നതാണത്. നിയമാനുസൃതമായ അഭിരുചി, മധ്യനിലയിലുള്ള അഭിരുചി, ജനപ്രിയ അഭിരുചി എന്നിങ്ങനെ അഭിരുചികളെ മൂന്നായി ബോർദ്യൂ വർഗ്ഗീകരിക്കുന്നു. വ്യവഹാരം എന്നനിലയിൽ സാംസ്കാരികോൽപന്നങ്ങളുടെ പരസ്പരബന്ധത്തെ മുൻനിർത്തിയാണ് അന്വേഷണം പുരോഗമിക്കുന്നത്. സംഗീതം, നാടകം എന്നിങ്ങനെ സാംസ്കാരികആവിഷ്കാരപ്രകാരങ്ങളുടെ ഭിന്നമണ്ഡലങ്ങളോട് ബന്ധപ്പെട്ടുകൂടിയാണ് സാംസ്കാരികകലീനതയെ സംബന്ധിച്ച പദാവലികളും ശീർഷകങ്ങളും രൂപപ്പെടുന്നത്. അഭിരുചിയുടെ മണ്ഡലത്തിലെ സാംസ്കാരികപദാവലികൾ, പെരുമാറ്റരീതികൾ, അവയുടെ സ്വാംശീകരണം എന്നിവയെല്ലാം ബോർദ്യൂ ചർച്ച ചെയ്യുന്നുണ്ട്. വർഗ്ഗതാത്പര്യങ്ങൾ കണ്ടെത്തുന്നതിന് അവയുടെ പ്രകടനസ്വഭാവംകൂടി പരിഗണിക്കേണ്ടതുണ്ട്. വർഗ്ഗതാത്പര്യങ്ങളെ അദൃശ്യമാക്കിയാണ് അവ പ്രത്യക്ഷപ്പെടുന്നത്. വർഗ്ഗസംഘർഷങ്ങളുടെയും അവയുടെ പ്രതീകാത്മകതലങ്ങളുടെയും അവയിലൂടെ കൈവരുന്ന പദവികളുടെയും മനസ്സിലാക്കേണ്ടതുണ്ട്. ഭാഷ ഈ അബോധതലത്തെ വഹിക്കുന്നുണ്ട്. വസ്തുവിവരങ്ങൾക്കപ്പുറത്ത് ഇടർച്ചയുള്ള ബന്ധങ്ങളും ഫലങ്ങളും ഉൽപാദിപ്പിക്കുന്ന മണ്ഡലമായി ബോർദ്യൂ ഇതിനെ നോക്കിക്കാണുന്നു.

> ബോർദ്യൂവിന്റെ കൃതികളിൽ സങ്കല്പനങ്ങളും പഠനരീതിശാസ്ത്രവും ഇഴപിരിക്കാനാവാത്തവിധം ചേർന്നുനിൽക്കുന്നു. മൂലധനത്തെ മൂന്ന് വിഭാഗങ്ങളായി ബോർദ്യൂ പരിഗണിക്കുന്നു: സാമ്പത്തികം, സാമൂഹികം, സാംസ്കാരികം എന്നിവയാണവ

## സാംസ്കാരികമൂലധനം

ബോർദ്യൂവിന്റെ കൃതികളിൽ സങ്കല്പനങ്ങളും പഠനരീതിശാസ്ത്രവും ഇഴപിരിക്കാനാവാത്തവിധം ചേർന്നുനിൽക്കുന്നു. മൂലധനത്തെ മൂന്ന് വിഭാഗങ്ങളായി ബോർദ്യൂ പരിഗണിക്കുന്നു. സാമ്പത്തികം, സാമൂഹികം, സാംസ്കാരികം എന്നിവയാണവ. നാലാമത് ഒരു വിഭാഗമായി പ്രതീകാത്മകമൂലധനത്തെയും സങ്കല്പിക്കുന്നു. മൂലധനത്തിന്റെ മൂന്ന് വിഭാഗങ്ങളിലും പ്രതീകാത്മകനിലയിൽ പ്രവർത്തനക്ഷമമാകുന്നതാണ് പ്രതീകാത്മകമൂലധനം. വ്യക്തി വിദ്യാഭ്യാസസ്ഥാപനത്തിലൂടെയോ കുടുംബത്തിലൂടെയോ അവയുടെ പരസ്പരബന്ധങ്ങളിലൂടെയോ ആർജ്ജിക്കുന്ന അറിവുകളോ, കഴിവുകളോ ആണ് സാംസ്കാരികമൂലധനം. സാഹിത്യം, സംഗീതം, ചിത്രകല എന്നിങ്ങനെ ഭിന്ന സാംസ്കാരികപദവികൾ ഈ ആർജ്ജനത്തിന്റെ മേഖലയായിത്തീരുന്നു. സാമ്പത്തികമൂലധനംപോലെ പരിഗണിക്കേണ്ടതാണ് സാംസ്കാരികമൂലധനവും. സാമ്പത്തികമൂലധനംപോലെ സാംസ്കാരികമൂലധനവും തലമുറകളിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു. സാംസ്കാരികമൂലധനത്തെ

സാമ്പത്തികമൂലധനമായും തിരിച്ചും പരിവർത്തിപ്പിക്കാവുന്നതാണ്. സാമ്പത്തികമൂലധനത്തെ മറ്റു വസ്തുക്കളായി പരിവർത്തിപ്പിക്കാവുന്നതുപോലെ, സാംസ്കാരികമൂലധനത്തെയും പരിവർത്തിപ്പിക്കാം. വ്യക്തി സാമൂഹികവർഗ്ഗത്തിലെ ഒരു പ്രതിനിധി മാത്രമല്ല; മൂലധനശേഖരങ്ങളും സൂക്ഷ്മസ്ഥാനങ്ങളും അയാളെ നിർവ്വചിക്കുന്നതിൽ പരിഗണിക്കേണ്ടതുണ്ട്. പല വിതാനങ്ങളുള്ള സാമൂഹികഇടത്തിൽ ഓരോ വ്യക്തിയും സങ്കീർണ്ണ മൂലധനബന്ധങ്ങളെ ഉൾക്കൊള്ളുന്നു. മൂലധനം സാമൂഹ്യശൃംഖലകളെ ഉൾക്കൊള്ളുന്നതിനൊപ്പം അസമത്വത്തെ പുനരുൽപാദിപ്പിക്കുകയും ചെയ്യുന്നു.

## ഹാബിറ്റസ്

സാംസ്കാരികഉൽപന്നങ്ങളുടെ പദവിനിർണ്ണയനവുമായി ബന്ധപ്പെട്ട സങ്കല്പനമാണ് ഹാബിറ്റസ്. കോളനീകരണത്തിന്റെ ഭാഗമായി ആധുനികപൂർവ്വസംസ്കാരങ്ങൾക്ക് വന്ന പരിണാമങ്ങളെ വിശദീകരിക്കുമ്പോൾ മാക്സ് വെബറിനെയും, മൗസിനെയും പോലുള്ളവർ ഈ സങ്കല്പനത്തെ ഉപയോഗിച്ചിരുന്നു. എന്നാൽ ബോർദ്യുവിന്റെ വിശദീകരണത്തിൽ സാംസ്കാരികഉൽപന്നങ്ങൾക്ക് കൈവരുന്ന പ്രതീകാത്മകപദവികൂടി പരിഗണിക്കപ്പെടുന്നു. ബോർദ്യുവിന്റെ അഭിപ്രായത്തിൽ ഹാബിറ്റസ് "അഭിരുചിയുടെയും അവയുടെ വിധിനിർണ്ണയത്തിന്റെയും വസ്തുനിഷ്ഠ വർഗ്ഗീകരണങ്ങളും അഭിരുചിപ്രവർത്തനങ്ങളുടെ വർഗ്ഗീകരണവ്യവസ്ഥയുമാണ്. ഈ രണ്ടുശേഷികളുടെയും പരസ്പരബന്ധത്തിൽനിന്ന് പിറവിയെടുക്കുന്നതാണ് ഹാബിറ്റസ്. ഉൽപന്നങ്ങളെയും (അഭിരുചികൾ), അവയുടെ വർഗ്ഗീകരണവ്യവസ്ഥയെയും നിർമ്മിക്കാനും അവയെ വർഗ്ഗീകരിക്കാനും പ്രോത്സാഹിപ്പിക്കാനും ഉള്ള ശേഷി കൂടിയാണിത്. സാമൂഹികലോകത്തെ അഥവാ ജീവിതശൈലികൾ നിർമ്മിക്കപ്പെടുന്ന ഇടത്തെ ഇത് സൂചിപ്പിക്കുന്നു." (2012:166) ഹാബിറ്റസ് അഭിരുചിവ്യത്യാസങ്ങളും, പ്രയോഗങ്ങളും, കാഴ്ചയിലെ അർത്ഥങ്ങളും, ഇവയെല്ലാം സാർവ്വദേശീയ സാധൂകരണങ്ങളും നിർമ്മിക്കുന്നു. പരമ്പരാഗതസങ്കല്പങ്ങളിൽനിന്നും മാറി സാമൂഹികഇടത്തെ നിർവ്വചിക്കുമ്പോൾ ഹാബിറ്റസ് പരിഗണിക്കേണ്ടതുണ്ടെന്ന് ബോർദ്യൂ കരുതുന്നു.

ബോർദ്യുവിന്റെ ഹാബിറ്റസിനെ ടോണി ബെനറ്റ് ഇങ്ങനെ അവതരിപ്പിക്കുന്നു: "വ്യത്യസ്ത സാംസ്കാരിക ഉൽപന്നങ്ങൾക്കുമേൽ പ്രവർത്തിക്കുന്ന അഭിരുചിയുടെ ഏകീകൃതതത്ത്വങ്ങളാണ് ഹാബിറ്റസ്. ഹാബിറ്റസിന്റെ രൂപീകരണത്തിനും വിനിമയത്തിനും ഒപ്പം ചില സാമൂഹികയുക്തികളും നിർമ്മിക്കപ്പെടുന്നു. ഹാബിറ്റസ് വഴി നിർമ്മിക്കപ്പെടുന്ന പദവികളിലൂടെ ഒരു സാമൂഹികവിഭാഗത്തിന് സവിശേഷമായ സാമൂഹികഇടവും ലഭിക്കുന്നു. ഇതാകട്ടെ മറ്റ് സാമൂഹികവിഭാഗങ്ങൾക്ക് ലഭിക്കുന്ന പദവിയുമായി ബന്ധപ്പെട്ട് നിലകൊള്ളുകയും ചെയ്യുന്നു." (Distinction: 2012: ടോണി ബെനറ്റിന്റെ മുഖവുരയിൽനിന്ന്: പു: xix) അഭിരുചിയുടെ പ്രവർത്തനമണ്ഡലം





സ്വാഭാവികമോ ജന്മസിദ്ധമോ അല്ല. ഓരോ സാമൂഹികവർഗ്ഗവും മറ്റുള്ളതിൽനിന്ന് വ്യത്യസ്തമാവുന്നതും സ്വയം നിർവ്വചിക്കുന്നതും ഈ പ്രവർത്തനത്തിലൂടെയാണ്. സംസ്കാരസംഘർഷത്തിന്റെ മണ്ഡലം കൂടിയാണിത്.

> സാംസ്കാരിക ഉൽപന്നങ്ങളുടെ പദവിനിർണ്ണയനവുമായി ബന്ധപ്പെട്ട സങ്കല്പമാണ് ഹാബിറ്റസ്. കോളനീകരണത്തിന്റെ ഭാഗമായി ആധുനികപൂർവ്വ സംസ്കാരങ്ങൾക്ക് വന്ന പരിണാമങ്ങളെ വിശദീകരിക്കുമ്പോൾ മാക്സ് വെബറിനെയും, മൗസിനെയും പോലുള്ളവർ ഈ സങ്കല്പനത്തെ ഉപയോഗിച്ചിരുന്നു

## ഫീൽഡ്

വൈയക്തികമായ അമൂർത്തതകളിൽനിന്ന് രക്ഷപ്പെടാനായി സാമൂഹിക ഇടത്തിലെ കൊടുക്കൽവാങ്ങലുകൾ നടക്കുന്ന വസ്തുനിഷ്ഠ ഘടനയായി മനസ്സിലാക്കേണ്ടതുണ്ട്. ത്രിതലമൂലധനങ്ങളും അവയുടെ പരസ്പരബന്ധങ്ങളും ഓരോ വർഗ്ഗത്തിലും പ്രവർത്തനക്ഷമമാകുന്ന രീതിയെയാണ് ബോർദ്യൂ ഫീൽഡിന്റെ ബലതന്ത്രമായി പരിഗണിക്കുന്നത്. വർഗ്ഗസംഘർഷങ്ങളുടെ മണ്ഡലമാണത്. ഭിന്ന മൂലധനങ്ങളുടെ ഉൽപാദനവും കൈവശംവെയ്ക്കലും ഫീൽഡിനെ ആശ്രയിച്ച് നിലകൊള്ളുന്നു. സാംസ്കാരികഉൽപന്നങ്ങളുടെ ഉൽപാദനവുമായി ബന്ധപ്പെട്ട യുക്തിയും, അവയുടെ വൈശിഷ്ട്യത്തെ സംബന്ധിച്ച വേർതിരിവുകളും ഫീൽഡിന്റെ ബലതന്ത്രത്തെ നിർണ്ണയിക്കുന്നു.

## സിദ്ധാന്തവും രീതിശാസ്ത്രവും

സാമ്പ്രദായികമായ തത്ത്വചിന്തയുടെയും സാഹിത്യത്തിന്റെയും മേഖലയെ അഭിരുചിയെ സംബന്ധിച്ച ചർച്ചയിൽ പരിഗണിക്കാത്തത് അവയുടെ മേൽവർഗ്ഗ അഭിരുചി പരിഗണിച്ചാണ് എന്ന് ബോർദ്യൂ പറയുന്നു. സാംസ്കാരികആവിഷ്കാരപ്രകാരങ്ങളുടെ മണ്ഡലം പ്രത്യക്ഷത്തിൽ സാമൂഹികനിരാകരണത്തിന്റെ മണ്ഡലമാണ്. എന്നാൽ അവയുടെ അബോധത്തിൽ പ്രവർത്തിക്കുന്ന വ്യവഹാരങ്ങൾ ഈ ബന്ധങ്ങളെ വെളിപ്പെടുത്തുന്നു. വസ്തുനിഷ്ഠപഠനത്തോടുള്ള വിമർശനാത്മകനില പുസ്തകത്തിന് ആവശ്യമായത് ഇങ്ങനെയാണ്. വസ്തുനിഷ്ഠവൽക്കരണം പൂർത്തിയാകുന്നത് വസ്തുനിഷ്ഠവൽക്കരണത്തിനുള്ള സ്ഥലങ്ങളും അവ കാണാതെപോയ നിലകളെയും വസ്തുനിഷ്ഠവൽക്കരിക്കുന്നതിലാണ്. ഒരു സവിശേഷസിദ്ധാന്തം തെരഞ്ഞെടുക്കുന്നതിലെ താത്പര്യങ്ങളും, ഒപ്പം പ്രസ്തുത സിദ്ധാന്തത്തിന്റെ സംഘർഷസ്ഥാനങ്ങളും അനുബന്ധങ്ങളും പ്രധാനമാണ്. സൈദ്ധാന്തികമായ എഴുത്തിന്റെ മധ്യസ്ഥം പുസ്തകത്തിന് സ്വീകരിക്കേണ്ടിവന്നത് ഇതുകൊണ്ടാണ്. മുൻ സർവ്വേകളുടെയോ ഉപയോഗപ്പെടുത്തിയ സർവ്വേകളുടെയോ സാദ്ധ്യതകളിൽനിന്നും പരിമിതികളിൽനിന്നുമുള്ള രീതിയാണ് അവലംബിച്ചത്. എഴുത്തിന് സ്വീകരിച്ച ഭാഷയും അതിലെ സംഘർഷങ്ങളും ബോർദ്യൂ പ്രശ്നീകരിക്കുന്നു.

> ഒരു നിശ്ചിത വസ്തുവിന്റെയോ, ഒരുകൂട്ടം വസ്തുക്കളുടെയോ, അവയുടെ അളവിന്റെയോ, ഗുണത്തിന്റെയോ അടിസ്ഥാനത്തിൽ മാത്രം വർഗ്ഗത്തെ നിർവ്വചിക്കാൻ കഴിയില്ല. കാരണത്തിന്റെയും ഫലത്തിന്റെയും അടിസ്ഥാനത്തിലും വർഗ്ഗനിർവ്വചനം സാധ്യമല്ല

## വർഗ്ഗപരിപ്രേക്ഷ്യങ്ങൾ

വ്യത്യസ്ത വിജ്ഞാനങ്ങളിൽ കാണുന്ന വർഗ്ഗത്തെ സംബന്ധിച്ച പതിവ് വർഗ്ഗീകരണങ്ങൾക്കും രേഖീയചിന്താഗതിക്കും, വർഗ്ഗത്തിന്റെ അനന്തവൈവിധ്യങ്ങളെയോ സങ്കീർണ്ണതകളെയോ വിവരിക്കാൻ സാധ്യമല്ല. വർഗ്ഗം സ്ഥിരമല്ല. സാമൂഹികസാഹചര്യങ്ങൾക്കനുസരിച്ച് നിർമ്മിക്കപ്പെടുന്ന ഒന്നാണ്. പഴയ വർഗ്ഗങ്ങൾ തകരുകയും അതിന്റെ ഇടത്തിൽ സാമൂഹികസാഹചര്യങ്ങൾക്കനുസരിച്ച് പുതിയ വർഗ്ഗങ്ങൾ രൂപപ്പെട്ടുവരികയും ചെയ്യുന്നു. ഉത്പാദനബന്ധങ്ങളോട് ബന്ധപ്പെടുത്തി സമ്പത്തിന്റെയും തൊഴിലിന്റെയും വരുമാനത്തിന്റെയും വിദ്യാഭ്യാസനിലവാരത്തിന്റെയും അടിസ്ഥാനത്തിൽ നിർവ്വചിക്കപ്പെട്ടിരുന്ന വർഗ്ഗത്തെ നിശ്ചിതമായ ലൈംഗികാനുപാതത്തോടും, ഭൂമിശാസ്ത്രപരമായ സവിശേഷതകളോടും, ഉപഭോഗമണ്ഡലത്തിൽ പ്രവർത്തിക്കുന്ന പരസ്പരപൂരകമായ സ്വഭാവസവിശേഷതകളോടും ബന്ധപ്പെടുത്തി ബോർദ്യൂ മനസ്സിലാക്കുന്നു. ആവശ്യങ്ങളുടെയും ഒഴിവാക്കലുകളുടെയും മണ്ഡലമായി അത് പ്രവർത്തിക്കുന്നു.

ഒരു നിശ്ചിത വസ്തുവിന്റെയോ, ഒരുകൂട്ടം വസ്തുക്കളുടെയോ, അവയുടെ അളവിന്റെയോ, ഗുണത്തിന്റെയോ അടിസ്ഥാനത്തിൽ മാത്രം വർഗ്ഗത്തെ നിർവ്വചിക്കാൻ കഴിയില്ല. കാരണത്തിന്റെയും ഫലത്തിന്റെയും അടിസ്ഥാനത്തിലും വർഗ്ഗനിർവ്വചനം സാധ്യമല്ല. പരസ്പരബന്ധിതമായ വസ്തുക്കളുടെ ബന്ധഘടനയോടും, പ്രയോഗഫലത്തോടും, അളവിന് വസ്തുവിന് കൈവരുന്ന മൂല്യത്തോടും ബന്ധപ്പെടുത്തിയാണ് വർഗ്ഗനിർവ്വചനം സാധ്യമാകുക. വർഗ്ഗത്തെ നിർവ്വചിക്കേണ്ടത് ഉത്പാദനബന്ധങ്ങളോട് ബന്ധപ്പെടുത്തി മാത്രമല്ല; മറിച്ച്, ഹാബിറ്റസിനെ മുൻനിറുത്തി കൂടിയാണ്. വർഗ്ഗങ്ങളുടെ രൂപീകരണത്തിന് സാമൂഹികസന്ദർഭങ്ങളോടാണ് ബന്ധം. പെറ്റിബൂർഷ്വാസിയുടെ ഉത്ഭവം ആധുനികതയോടൊത്തുവന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നു. ഒരാളുടെ അത്യാവശ്യം മറ്റൊരാളുടെ നീട്ടിവെക്കലോ തെരഞ്ഞെടുപ്പോ മാത്രമാകുന്നു. അത്യാവശ്യങ്ങളിലെ അഭിരുചിയും അവയുടെ തിരഞ്ഞെടുപ്പുമെല്ലാം എല്ലാം വർഗ്ഗസംഘർഷങ്ങളുടെ മണ്ഡലത്തെ വെളിപ്പെടുത്തിത്തരുന്നു. ഇങ്ങനെയൊരു വർഗ്ഗത്തിന്റെ രൂപീകരണഘടകങ്ങൾക്കും സാഹചര്യങ്ങൾക്കും ഓരോ കാലങ്ങളിലും മാറ്റങ്ങൾ ഉണ്ടാവുന്നു. വർഗ്ഗത്തിന്റെ രൂപീകരണത്തിൽ സാമൂഹികവും ജീവശാസ്ത്രപരവും മനശ്ശാസ്ത്രപരവുമായ തലങ്ങൾ കാണാം. ദുർഖൈമിനെപ്പോലുള്ളവർ വർഗ്ഗങ്ങളുടെ പ്രവർത്തനത്തെ വിശദീകരിച്ചതിൽനിന്ന് ഭിന്നമാണ് ബോർദ്യുവിന്റെ നില.





## വർഗ്ഗസഞ്ചാരപാതകൾ

അനന്തവും വൈവിധ്യപൂർണ്ണവുമാണ് വർഗ്ഗത്തിന്റെ സഞ്ചാരപാതകൾ. ഒരു വർഗ്ഗത്തിൽനിന്ന് മറ്റൊരു വർഗ്ഗത്തിലേക്കോ, ഒരേവഴിയിൽനിന്ന് മറ്റൊരു വഴിയിലേക്കോ ഉള്ള മാറ്റം വ്യക്തിപരം എന്നതിനെക്കാൾ സംഘടിതസാഹചര്യങ്ങളിൽ സംഭവിക്കുന്നു. വ്യക്തിതലത്തിലും സംഘടിതതലത്തിലും ഒരാളുടെ വർഗ്ഗനില വ്യത്യസ്തമാവുന്നു. കുടുംബഘടനയുൾക്കൊണ്ട വർഗ്ഗത്തിന്റെ സഞ്ചാരപാതകൾ പലപ്പോഴും അമൂർത്തമാണ്. വർഗ്ഗസങ്കീർണ്ണതകളും, ഒപ്പം അവയുടെ ഫലവുമായി ചേർന്നുള്ള പ്രവർത്തനവും ഒരു സാംസ്കാരിക ഉത്പന്നത്തിന് സവിശേഷപദവിയും മൂല്യവും നൽകുന്നു. മൂലധനത്തിന്റെ സംഘാടകതന്ത്രങ്ങൾ, അതിന്റെ വ്യാപ്തി, ഇവ രണ്ടിലും സംഭവിക്കുന്ന കാലപരമായ മാറ്റങ്ങൾ എന്നിങ്ങനെ ത്രിതലമായ ബന്ധം ഈ പദവിനിർണ്ണയത്തെ സ്വാധീനിക്കുന്നു. ഇതിനൊപ്പം മൂലധനത്തിന്റെ മൂന്ന് വകഭേദങ്ങളെയും പരിഗണിക്കേണ്ടതുണ്ട്. ഒരു വർഗ്ഗം മറ്റൊന്നിലേക്ക് പരിണാമപ്പെടുമ്പോൾ ഇതിന്റെയെല്ലാം അളവിലും ഘടനയിലുമാണ് വ്യത്യാസം സംഭവിക്കുന്നത്. വർഗ്ഗങ്ങളും വർഗ്ഗതലങ്ങളും ഒന്നിൽനിന്ന് മറ്റൊന്നിലേക്ക് തിരിച്ചുവരുന്നതിന്റെ തന്ത്രങ്ങളും പ്രധാനമാണ്.

ചരിത്രത്തെ സംബന്ധിച്ച മുൻകാലപഠനങ്ങളുടെ പരിമിതി ബോർദ്യൂ ഈ സന്ദർഭത്തിൽ ചൂണ്ടിക്കാണിക്കുന്നുണ്ട്. തിരിച്ചുവരവിന്റെ ഭാഗമായി ഈ വ്യവഹാരത്തിന് ഉണ്ടാകുന്ന രൂപീകരണമായ മാറ്റത്തെയും ബോർദ്യൂ വിശകലനം ചെയ്യുന്നു. ഇത്തരം വർഗ്ഗസംഘർഷങ്ങൾ മുൻനിറുത്തിയാണ് സാമൂഹികഘടനയുടെ പുനരുത്പാദനം നടക്കുന്നത്. വർഗ്ഗസംഘർഷത്തിന്റെയും മത്സരത്തിന്റെയും ഭാഗമായി പഴയ ഘടനകൾ അപ്രത്യക്ഷമാകുന്നു. വർഗ്ഗത്തിനകത്തെ സംഘർഷങ്ങളെയും ഇവിടെ പരിഗണിക്കേണ്ടതുണ്ട്. വർഗ്ഗപരമായ പ്രത്യേകതകളെ നിർവ്വചിക്കുന്ന ഘടകങ്ങളും, വർഗ്ഗപദവിയിലുള്ള താഴ്ചകളും ഉയർച്ചയ്ക്കായുള്ള ആഗ്രഹങ്ങളും പ്രധാനമാണ്.

## വിദ്യാഭ്യാസം

ഈ പ്രവർത്തനത്തിൽ വിദ്യാഭ്യാസത്തിനുള്ള നിർണ്ണായകത്വത്തെ ബോർദ്യൂ ആവർത്തിച്ച് പറഞ്ഞുറപ്പിക്കുന്നുണ്ട്. ഒരു സാംസ്കാരികഉത്പന്നത്തിന്റെ പദവിയെ സംബന്ധിച്ച ശ്രേണീകരണത്തിൽ വിദ്യാഭ്യാസം നിർണ്ണായകമായി ഇടപെടുന്നു. ഒരു സാംസ്കാരികഉത്പന്നത്തിന്റെ അംഗീകരണവും തമസ്കരണവുമെല്ലാം ഇതോട് ബന്ധപ്പെട്ടുനിൽക്കുന്നു. കുടുംബത്തിൽനിന്നോ അതിന്റെ തുടർച്ചയായി വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നോ ലഭിക്കുന്ന അവബോധം സാംസ്കാരികഉത്പന്നത്തിന്റെ ഗുണനിലവാരത്തെ നിർണ്ണയിക്കുന്നതിലും, സാംസ്കാരികഉത്പന്നത്തെ പുനരുത്പാദിപ്പിക്കുന്നതിനും, തലമുറകളിലേക്ക് കൈമാറ്റം ചെയ്യുന്നതിനും കാരണമായിത്തീരുന്നു. സാംസ്കാരികമൂലധനത്തിന്റെ ആർജ്ജനത്തിനൊപ്പം സാമ്പത്തികമൂലധനത്തിന്റെ ആർജ്ജനത്തിനും ഉന്നത-മധ്യവർഗ്ഗങ്ങളെ

വിദ്യാഭ്യാസം സഹായിക്കുന്നു. പ്രാഥമികവിദ്യാഭ്യാസം മുതൽ ഗവേഷണം പോലുള്ള ഉന്നതവിദ്യാഭ്യാസം വരെ ഇത് നിർവ്വഹിക്കപ്പെടുന്നതിന്റെ രീതി അദ്ദേഹം വിവരിക്കുന്നു. സൗന്ദര്യാത്മകവും സാങ്കേതികവുമായ നോട്ടങ്ങൾക്കപ്പുറം കാര്യവും അവബോധവും ചരിത്രത്തിന്റെ ഉത്പന്നമാണ് എന്നും, വിദ്യാഭ്യാസം പോലുള്ള ഘടകങ്ങളാൽ പുനർനിർമ്മിക്കപ്പെടുന്നതോ, പുനരുൽപാദിപ്പിക്കപ്പെടുന്നതോ ആണെന്നും അദ്ദേഹം ഉറപ്പിക്കുന്നു.

## ശരീരവും ഭക്ഷണവും

വർഗ്ഗപരിണാമങ്ങളെയും അഭിരുചികളെയും വിശദീകരിക്കുമ്പോൾ ശരീരത്തിനുള്ള പ്രാധാന്യത്തെ ബോർദ്യു പരിഗണിക്കുന്നു. ശരീരവ്യാപ്തി, കനം, നിറം, രൂപഭേദവിന്യാസങ്ങൾ, ശരീരസംരക്ഷണരീതികൾ എന്നിവയെല്ലാം വർഗ്ഗഅഭിരുചിയെയും ഹാബിറ്റസിനെയും സൂചിപ്പിക്കുന്നു. ഉന്നതവർഗ്ഗങ്ങളിലെ സ്ത്രീകളുടെ ശരീരസങ്കല്പങ്ങൾ ഭിന്നമാവുന്നു. മറ്റുള്ളവരുടെ കാഴ്ചയുമായി ബന്ധപ്പെട്ടും, ഇടുങ്ങിയതിൽ സംരക്ഷിക്കപ്പെടുമ്പോഴും അത് നിലനിൽക്കുന്നു. ശരീരം വ്യക്തിത്വത്തിന്റെയും ഒപ്പം സാമൂഹികക്രമങ്ങളുടെയും സൂചകമായി വർത്തിക്കുന്നു. ശരീരകാര്യങ്ങൾ ഒരു വ്യവഹാരമായിത്തന്നെ മാറുന്നത് ഇങ്ങനെയാണ്.

ശരീരത്തിനായി സ്വീകരിക്കുന്ന വ്യത്യസ്ത ഭക്ഷണങ്ങളും അവ ആഹരിക്കുന്ന രീതിയും ഇതിനോട് ബന്ധപ്പെടുന്നു. വ്യത്യസ്ത വർഗ്ഗങ്ങളുടെ ഭക്ഷണതാത്പര്യങ്ങളും അവയുടെ പാചക-ആഹാര്യരീതിയുമെല്ലാം ഭിന്നമാവുന്നു. സ്വതന്ത്രവും ലളിതവുമായ അടിസ്ഥാനവർഗ്ഗത്തിന്റെ ഭക്ഷണരീതിയെ അപേക്ഷിച്ച് ബൂർഷ്വാവർഗ്ഗം ആഹാര്യരീതികൾക്ക് പ്രാധാന്യം നൽകുന്നു. ഈ രീതിയോടൊപ്പമുള്ള പ്രതീക്ഷകൾ, വിരാമങ്ങൾ, കാത്തുനിൽക്കലുകൾ എന്നിവയെല്ലാം ചേർന്നുനിൽക്കുന്നു. ഭക്ഷണരംഗത്തെ ആവശ്യങ്ങളെയും ആനന്ദങ്ങളെയും സംബന്ധിച്ച വർഗ്ഗവീക്ഷണങ്ങൾ അവരുടെ ലോകവീക്ഷണത്തെത്തന്നെയാണ് ബോധ്യപ്പെടുത്തുന്നത്. ലിംഗഭേദങ്ങളുടെ മണ്ഡലംകൂടി ഇതിനോടു ബന്ധപ്പെട്ടുനിൽക്കുന്നു. ശരീരത്തെ സംബന്ധിച്ച പുരുഷത്വ സങ്കല്പങ്ങളും മറ്റും രൂപപ്പെടുന്നതും ഈ പശ്ചാത്തലത്തിലാണ്. ശരീരം ഈ അർത്ഥത്തിൽ സാമൂഹികഉത്പന്നമാവുന്നു. വ്യത്യസ്ത ശരീരഭാഗങ്ങളെ ഈ അടിസ്ഥാനങ്ങളിലെല്ലാം വർഗ്ഗീകരിക്കാവുന്നതാണ് എന്ന് ബോർദ്യു കരുതുന്നു.

## എന്താണ് രാഷ്ട്രീയം?

വിദ്യാഭ്യാസവും ലിംഗപദവിയുമായെല്ലാം ബന്ധപ്പെട്ടാണ് രാഷ്ട്രീയഅഭിപ്രായങ്ങൾ രൂപീകരിക്കപ്പെടുന്നത്. ബോർദ്യുവിന്റെ അഭിപ്രായത്തിൽ രാഷ്ട്രീയഅഭിപ്രായം എന്നത് വസ്തുവിവരകേന്ദ്രിതമായ വിധിനിർണ്ണയമോ, സത്യത്തെ കേന്ദ്രീകരിച്ച അന്വേഷണമോ അല്ല. രാഷ്ട്രീയഅഭിപ്രായത്തിനു പിറകിൽ ഒരു സാമൂഹികശക്തി പ്രവർത്തിക്കുന്നു.





അത് ഒരു രാഷ്ട്രീയശക്തിയായി നിലനിൽക്കുകയും ചെയ്യുന്നു. പ്രതിഫലനമാണ് അതിന്റെ തലം. സാമൂഹികവർഗ്ഗങ്ങളും അവയുടെ രാഷ്ട്രീയഅഭിപ്രായങ്ങളും തമ്മിൽ നേർക്കുനേർ ബന്ധമല്ല ഉള്ളത്. വ്യക്തിപരമായ അഭിപ്രായങ്ങളെയും അത് ഉത്പാദിപ്പിക്കപ്പെടുന്ന രീതികളെയും ഇതിന്റെ ഭാഗമായി ബോർദ്യു പരിശോധിക്കുന്നുണ്ട്. വിവിധ രീതികളും അവ തമ്മിലുള്ള സംഘർഷങ്ങളും ബോർദ്യുവിന്റെ അന്വേഷണവിഷയമാകുന്നു. വിദ്യാഭ്യാസം, മൂലധനം, മൂലധനത്തിന്റെ സംഘാടകത്വം എന്നിവയെല്ലാം ഇതിനെ നിർണ്ണയിക്കുന്നു. രാഷ്ട്രീയപ്രശ്നം എന്ന ഒന്ന് രൂപപ്പെടുന്നതിനെയും ബോർദ്യു പരിശോധിക്കുന്നു. ഒരു വർഗ്ഗത്തെ സംബന്ധിച്ച് അതാളിലൂടെയും മറ്റൊരു എഴുത്തിലൂടെയും രൂപപ്പെടുന്ന അഭിപ്രായങ്ങൾ ഭിന്നമാവാം. ഓരോ വർഗ്ഗത്തെ സംബന്ധിച്ചും ഈ ബന്ധങ്ങൾ വ്യത്യസ്തമാവുന്നു. ധാർമ്മികതയെ സംബന്ധിച്ച ചർച്ചകളെ ഓരോ വർഗ്ഗവുമായും ബോർദ്യു ബന്ധപ്പെടുത്തുന്നു. ധാർമ്മികക്രമത്തെയും രാഷ്ട്രീയക്രമത്തെയും ചേർത്തുവെച്ച് പരിശോധിക്കുന്നു. വിതരണവും ആവശ്യവുമായുള്ള ബന്ധത്തോടും വർഗ്ഗങ്ങളുടെ ഹാബിറ്റസ്സും, രാഷ്ട്രീയഅഭിപ്രായങ്ങളും തമ്മിലുള്ള ബന്ധത്തോടും എല്ലാം ബോർദ്യു ഇതിനെ ചേർത്തുവെയ്ക്കുന്നു. ചരക്കുത്പാദനവും അഭിരുചിയുത്പാദനവും അഥവാ വിതരണവും ആവശ്യവും തമ്മിലുള്ള ബന്ധം പ്രധാനമാണ്. രാഷ്ട്രീയവർഗ്ഗീകരണങ്ങളും അവയുടെ സൈദ്ധാന്തികമായ അവബോധവും, അവയിൽനിന്ന് പുറത്തുകടക്കേണ്ടതിനെയും ബോർദ്യു സൂചിപ്പിക്കുന്നുണ്ട്. സംസ്കാരമണ്ഡലത്തിൽ നിലവിലുള്ള വർഗ്ഗീകരണങ്ങൾ ഈ അവബോധത്തെ പിൻപറ്റുന്നു. രാഷ്ട്രീയഇടവും രാഷ്ട്രീയഭാഷയും രൂപപ്പെടുന്നതിന്റെ സവിശേഷതകളും പ്രധാനമാണ്.

## സംവാദസ്ഥാനങ്ങൾ

കൃതിയുടെ ബഹുമുഖമായ സാദ്ധ്യതകളെ ഉറപ്പിക്കുന്നതിനൊപ്പം ബോർദ്യുവിന്റെ കൃതികൾക്കുണ്ടായിട്ടുള്ള വിമർശനങ്ങളെ ടോണി ബെനറ്റ് അവതാരികയിൽ സൂചിപ്പിക്കുന്നുണ്ട്. വംശീയസവിശേഷതകളിലും സ്ത്രീകേന്ദ്രിതവീക്ഷണങ്ങളിലും ഊന്നുന്നതല്ല ബോർദ്യുമാതൃക. സങ്കല്പനങ്ങളിലൊക്കെ ഹാബിറ്റസിന് നൽകുന്ന ഏകീകൃതമായ വ്യവസ്ഥ എന്ന അർത്ഥവും വിമർശിക്കപ്പെടുന്നു. ഫീൽഡ് പോലുള്ള സങ്കല്പനത്തിനും സമാനമായ വിമർശനങ്ങൾ നിലനിൽക്കുന്നു. സംസ്കാരപഠനത്തിന്റെ മാർക്സിസ്റ്റ് വഴികളെയും ഔദ്യോഗിക സംസ്കാരപഠനവികാസങ്ങൾക്കുശേഷമുള്ള സംസ്കാരചിന്തയെയും പരിഗണിച്ച് പിയറി ബോർദ്യു, ഫ്രെഡറിക് ജെയിംസൺ, ഹേബർമാസ് എന്നീ ചിന്തകർ പ്രസക്തരാവുന്നുവെന്ന് സുനിൽ പി. ഇളയിടം നിരീക്ഷിക്കുന്നുണ്ട്. മാർക്സിസ്റ്റ്ചിന്തകളോട് സംവാദാത്മകബന്ധമായിരുന്നു ബോർദ്യുവിനും ഹേബർമാസിനുമെങ്കിൽ, പ്രത്യക്ഷത്തിൽ മാർക്സിസ്റ്റായി നിലനിന്നുകൊണ്ടുള്ള ധൈഷണികപ്രവർത്തനങ്ങളായിരുന്നു ജെയിംസന്റേത്. വ്യത്യസ്ത വിഷയങ്ങളിലൂടെയും അഭിരുചികളിലൂടെയും സഞ്ചരിച്ചും, അവയെയെല്ലാം സമന്വയപ്പെടുത്തിയും ആണ് ബോർദ്യുവിന്റെ സാംസ്കാരികവായന

ഇടപെടുന്നത്. കാവ്യം സാഹചര്യവും മാറുമ്പോഴും ബോർദ്യുമാതൃക, കാലത്തെയും സമൂഹത്തെയും അധികാരബന്ധങ്ങളെയും സംബന്ധിച്ച അന്വേഷണങ്ങളിൽ പ്രസക്തമായിത്തീരുന്നത്.

### അടിക്കുറിപ്പുകൾ

1. മൂന്ന് ഭാഗങ്ങളിലും എട്ട് അധ്യായങ്ങളിലുമായി എഴുതപ്പെട്ട കൃതി സൗന്ദര്യാത്മക അഭിരുചികളെ മുൻനിറുത്തി സാമൂഹികവർഗ്ഗീകരണ ത്തിന്റെ തലങ്ങൾ അന്വേഷിക്കുന്നു. അഭിരുചിയുടെ വിധിനിർണ്ണയത്തെ സംബന്ധിച്ച സാമൂഹിക വിമർശനം, പ്രയോഗങ്ങളുടെ സമ്പദ്ശാസ്ത്രം, വർഗ്ഗഅഭിരുചികളും ജീവിതശൈലികളും എന്നിവയാണ് പുസ്തകത്തിന്റെ മൂന്ന് ഭാഗങ്ങൾ. സംസ്കാരത്തിന്റെ പുനരുത്പാദനം, സാമൂഹികഇടങ്ങളും അവയുടെ പരിണാമങ്ങളും, ഹാബിറ്റസും ജീവിതശൈലിയുടെ ഇടങ്ങളും, വിധിയുടെ ബോധതന്ത്രങ്ങൾ, വൈശിഷ്ട്യം, സാംസ്കാരികമൂല്യം ആവശ്യമായ തെരഞ്ഞെടുപ്പ്, സംസ്കാരവും രാഷ്ട്രീയവും എന്നിവയാണ് അധ്യായങ്ങൾ. വർഗ്ഗങ്ങളും വർഗ്ഗീകരണങ്ങളും എന്ന ഉപസംഹാരവും പിന്നരയായി ശുദ്ധവിമർശത്തിന് എതിരെ അശ്ലീലവിമർശം എന്ന ഭാഗവും ഉണ്ട്. രീതിശാസ്ത്രത്തെ സംബന്ധിച്ച ചില അഭിപ്രായങ്ങൾ, മറ്റ് ഉറവിടങ്ങൾ, വസ്തുവിവരങ്ങൾ, പാർലർ ഗെയിം, എന്നിങ്ങനെയുള്ള അനുബന്ധങ്ങളെല്ലാതെ അടിക്കുറിപ്പുകളും പദസൂചിയും കൂടി ഉൾപ്പെടുന്നതാണ് പുസ്തകഘടന.

### ഗ്രന്ഥസൂചി

1. അനിൽ, കെ.എം., സംഗീത, എം.കെ. (ആശയാവതാരം). ആണത്തവും അധീശത്വവും, പിയറി ബോർദ്യു. കോഴിക്കോട്: പ്രോഗ്രസ് ബുക്സ്, 2019.
2. തെല്ലും ലെഖക്. സംസ്കാരപഠനം ചരിത്രം സിദ്ധാന്തം പ്രയോഗം, ശുകപുരം: വള്ളത്തോൾ വിദ്യാപീഠം, 2011.
3. Bourdieu, Pierre. *Distinction*. London: Routledge, 2021.



ഡോ. സോണിയാ ജോസ്

# ദുരന്തനാടക വിമർശകനായ എം.കെ.സാനു

മലയാള സാഹിത്യത്തിന് ഗണ്യമായ സംഭാവനകൾ നൽകിയ ദാർശനികനാണ് എം.കെ. സാനു. വിശദവും പ്രസന്നവുമായ ഭാഷാശൈലി, നിരൂപിതകൃതികളുടെയും പഠനവിധേയമാക്കിയ സാഹിത്യ പ്രസ്ഥാനങ്ങളുടെയും വ്യാപ്തി, പാശ്ചാത്യ സാഹിത്യകൃതികളുമായുള്ള നിരന്തര സമ്പർക്കം എന്നിവയെല്ലാം അദ്ദേഹത്തിന്റെ പ്രത്യേകതകളാണ്. മലയാള സാഹിത്യ നിരൂപകരിൽ, പാശ്ചാത്യവും പൗരസ്ത്യവുമായ നിരവധി നാടകങ്ങൾ നിരൂപണവിധേയമാക്കിയയാൾ എന്ന നിലയിലും അദ്ദേഹം ശ്രദ്ധേയനാണ്. നാടകത്തോടുള്ള അദ്ദേഹത്തിന്റെ തീവ്രാഭിമുഖ്യം സാഹിത്യജീവിതാരംഭത്തിൽ തന്നെ കണ്ടെത്താനാവും. ഒരുപക്ഷേ, സി.ജെ. തോമസ്, എൻ. കൃഷ്ണപിള്ള, സി.എൻ. ശ്രീകണ്ഠൻനായർ, ജി. ശങ്കരപ്പിള്ള, അയ്യപ്പപ്പണിക്കർ ഇടങ്ങിയവരുമായുള്ള അടുത്ത ബന്ധമാവാം നാടകത്തോടു തോന്നിയ ആഭിമുഖ്യത്തിന കാരണം. എന്നാൽ നാടകത്തിൽ ദുരന്തനാടകങ്ങളോട് അദ്ദേഹം കാണിക്കുന്ന പ്രത്യേക ആഭിമുഖ്യം ശ്രദ്ധേയമാണ്. പാശ്ചാത്യവും പൗരസ്ത്യവുമായ അനേകം ദുരന്തനാടകങ്ങൾ അദ്ദേഹം വിശകലനം ചെയ്തു. ദുരന്തനാടകസംബന്ധിയായ നിരവധി ലേഖനങ്ങളും ഗ്രന്ഥങ്ങളും എഴുതി. കൂടാതെ, പ്രസംഗങ്ങളിലും